**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭവനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ആയതിന്റെ അന്തിമ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്നറിയിക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതി (ലൈഫ് 2020) പ്രകാരം ഭവനം ലഭിക്കുന്നതിനായി 12,044 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു. ഫീൽഡ്തല വെരിഫിക്കേഷന് ശേഷം ഗ്രാമപഞ്ചായത്തുകളിൽ അർഹരായി കണ്ടെത്തിയിട്ടുള്ള അപേക്ഷകളിൻമേൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുന:പരിശോധനയും ഒന്ന്, രണ്ട് ഘട്ട അപ്പീലുകൾക്കും ഗ്രാമസഭ/ വാർഡ്സഭ അംഗീകാരത്തിനും ഭരണസമിതി അംഗീകാരത്തിനും ശേഷം മാത്രമാണ് പട്ടിക അന്തിമമാക്കുന്നത്. 30.04.2022-ന് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | ഫ്ലാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ